ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:03-07-2024**

## പ്രധാനവാർത്തകൾ

**1. രാഷ്ട്രപതിയുടെ അഭിസംബോധനയിന്മേലുള്ള നന്ദിപ്രമേയത്തിന് അംഗീകാരം നൽകിയ ശേഷം രാജ്യസഭ അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു.**

**2. 15 -ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ഗ്രാന്റ് അനുവദിക്കുന്നതിൽ വീഴ്ച വരുത്തിയെന്ന മാധ്യമ റിപ്പോർട്ടുകൾ തള്ളി കേന്ദ്രസർക്കാർ.**

**3). ഏലം കർഷകരുടെ വായ്പകൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുന്നതിന് സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുമായി ചർച്ച നടത്താൻ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിൽ തീരുമാനം.**

**4) നിതി ആയോഗിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന സമ്പൂർണതാ അഭിയാന് നാളെ വയനാട് ജില്ലയിൽ തുടക്കം.**

**5) സംസ്ഥാന സ്കൂൾ കലോത്സവം ഡിസംബറിൽ തിരുവനന്തപുരത്ത് നടത്തുമെന്ന് മന്ത്രി വി.ശിവൻകുട്ടി.**

**6) യൂറോ കപ്പ്, കോപ്പ അമേരിക്ക ഫുട്ബോൾ ക്വാർട്ടർ ഫൈനൽ മത്സരങ്ങൾക്ക് വെള്ളിയാഴ്ച തുടക്കമാവും.**

RNU TVPM

**$$$$$$$$$$$$$$$$$$$$$$**

**രാജ്യസഭ**

രാഷ്ട്രപതിയുടെ അഭിസംബോധനയിന്മേലുള്ള നന്ദിപ്രമേയത്തിന് അംഗീകാരം നൽകിയ ശേഷം രാജ്യസഭ അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു. നന്ദിപ്രമേയ ചർച്ചകൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് രാജ്യസഭയിൽ മറുപടി നൽകി. ദാരിദ്ര നിർമാർജ്ജന പ്രവർത്തനങ്ങൾക്കായിരിക്കും മൂന്നാം NDA സർക്കാർ ഏറ്റവും പ്രാധാന്യം നൽകുകയെന്ന് പ്രധാനമന്ത്രി പറഞ്ഞു. ക്ഷേമ പദ്ധതികളുടെ വ്യാപ്തി വർദ്ധിപ്പിക്കുമെന്നും, ഇന്ത്യയെ ലോകത്തെ മൂന്നാമത്തെ വലിയ സമ്പദ് വ്യവസ്ഥയാക്കി മാറ്റുമെന്നും അദ്ദേഹം മറുപടി പ്രസംഗത്തിൽ പറഞ്ഞു. പൊതുഗതാഗത മേഖലയിൽ വൻതോതിലുള്ള മാറ്റങ്ങൾ അടുത്ത അഞ്ച് വർഷത്തിനിടെ നടപ്പാക്കും. ഭരണഘടന സംരക്ഷിക്കുമെന്ന വിശ്വാസത്തിൻറെ പേരിലാണ് മൂന്നാം തവണയും NDA സർക്കാരിനെ ജനങ്ങൾ അധികാരത്തിലെത്തിച്ചതെന്നും, സർക്കാരിന് ദിശപകരുന്ന ദീപസ്തംഭമാണ് ഭരണഘടനയെന്നും ശ്രീ മോദി പറഞ്ഞു. കോൺഗ്രസാണ് ഭരണഘടനയുടെ ഏറ്റവും വലിയ ശത്രുക്കളെന്നും അദ്ദേഹം കുറ്റപ്പെടുത്തി. പ്രധാനമന്ത്രിയുടെ പ്രസംഗം പുരോഗമിക്കുന്നതിനിടെ കോൺഗ്രസ്, ഡിഎംകെ, തൃണമൂൽ ഉൾപ്പെടെയുള്ള പ്രതിപക്ഷ പാർട്ടികൾ പ്രതിഷേധവുമായി സഭയുടെ നടുത്തളത്തിൽ ഇറങ്ങിയ ശേഷം, വാക്കൗട്ട് ചെയ്തു. പ്രതിപക്ഷം ഉന്നയിച്ച ചോദ്യങ്ങളുടെ മറുപടി കേൾക്കുന്നതിനുള്ള ധൈര്യമില്ലാത്തതിനാലാണ് വാക്കൗട്ട് എന്നും ഇത് സഭയോടുള്ള അവഹേളനമാണെന്നും പ്രധാനമന്ത്രി വിമർശിച്ചു.

RNU TVPM

$$$$$$$$$$$$$$$$$$$$$

**ധനകാര്യ കമ്മീഷൻ**

15 -ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് നൽകേണ്ട ഗ്രാൻറ് അനുവദിക്കുന്നതിൽ കേന്ദ്രം വീഴ്ച വരുത്തിയെന്ന മാധ്യമ റിപ്പോർട്ടുകൾ തള്ളി കേന്ദ്രസർക്കാർ. 2024 മാർച്ചിനകം സംസ്ഥാന ധനകാര്യ കമ്മീഷൻ രൂപീകരിക്കാത്ത സംസ്ഥാനങ്ങൾക്ക് ഗ്രാൻറുകൾ അനുവദിക്കരുത് എന്നാണ് 15 ആം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്യുന്നത്. സംസ്ഥാന ധനകാര്യ കമ്മീഷൻറെ രൂപീകരണം സംബന്ധിച്ച വിവരങ്ങൾ കേരളം ഇതുവരെ കൈമാറിയില്ലെന്നും കേന്ദ്ര സർക്കാർ അറിയിച്ചു. 2020 മുതൽ 27

വരെയുള്ള കാലയളവിലേക്കായി കേരളത്തിന് 5,337 കോടി രൂപ ഗ്രാമപഞ്ചായത്ത് ഗ്രാന്റിനത്തിൽ അനുവദിച്ചിട്ടുണ്ട്.

സംസ്ഥാനം നൽകിയ ഗ്രാൻറ് കൈമാറ്റ സർട്ടിഫിക്കറ്റിൻറെ അടിസ്ഥാനത്തിൽ 2024-25 ലെ ഗഡു അനുവദിക്കുന്ന കാര്യം പരിശോധിച്ചു വരികയാണെന്നും കേന്ദ്രം വ്യക്തമാക്കി.

$$$$$$$$$$$$$$$$$$$$$$

**ഏലം കൃഷി**

ഏലം കർഷകരുടെ വായ്പകൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുന്നതിന് സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുമായി ചർച്ച നടത്താൻ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതലയോഗത്തിൽ തീരുമാനം. ഏലം കൃഷി നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യാനാണ് ഉന്നതതല യോഗം ചേർന്നത്. ലോൺ തിരിച്ചടവിൻറെ ഇടവേള വർധിപ്പിക്കാനും പലിശയിൽ ഇളവ് നൽകാനും ആവശ്യപ്പെടാൻ യോഗത്തിൽ ധാരണയായി. നടീൽ വസ്തുക്കളുടെ ക്ഷാമം പരിഹരിക്കാനും, ജലലഭ്യത ഉറപ്പാക്കാനും നടപടികൾ സ്വീകരിക്കും. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് സാമ്പത്തിക സഹായം ലഭിക്കാനുള്ള ശ്രമം നടത്തണമെന്ന് മുഖ്യമന്ത്രി കൃഷി വകുപ്പിനോട് നിർദേശിച്ചു. മന്ത്രിമാരായ പി പ്രസാദ്, കെ എൻ ബാലഗോപാൽ, പി രാജീവ്, തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

RNUTVPM

$$$$$$$$$$$$$$$$$$$$$$

**മന്ത്രിസഭായോഗ തീരുമാനം**

സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 2024-2025 അധ്യയന വർഷത്തിൽ ഇംഗ്ലീഷ് വിഷയത്തിൽ ആവശ്യമുള്ള, അധിക എച്ച്.എസ്.ടി ഇംഗ്ലീഷ് തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് സംസ്ഥാന മന്ത്രിസഭായോഗത്തിൻറെ അനുമതി. വയനാട് ജില്ലയിൽ യു.പി.വിഭാഗം ഇല്ലാതെ പ്രവർത്തിക്കുന്ന മൂന്ന് സ്കൂളുകളിൽ 2024-25 വർഷത്തിൽ അഞ്ചാം ക്ലാസും തുടർ വർഷങ്ങളിൽ ആറ്, ഏഴ് ക്ലാസുകളും ആരംഭിക്കുന്നതിനും മന്ത്രിസഭ അംഗീകാരം നൽകി.

$$$$$$$$$$$$$$$$$$$$$$$

**ഉപരാഷ്ട്രപതി കേരളത്തിൽ**

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ രണ്ടു ദിവസത്തെ സന്ദർശനത്തിനായി ശനിയാഴ്ച കേരളത്തിലെത്തും. തിരുവനന്തപുരം വലിയമല ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് & ടെക്നോളജിയിൽ നടക്കുന്ന ബിരുദദാന ചടങ്ങിൽ അദ്ദേഹം പങ്കെടുക്കും. മികച്ച വിജയം നേടിയ വിദ്യാർഥികൾക്കുള്ള സ്വർണമെഡലുകൾ ഉപരാഷ്ട്രപതി സമ്മാനിക്കും. ഐഎസ്ആർഒ അധ്യക്ഷൻ എസ് സോമനാഥ് പരിപാടിയിൽ സന്നിഹിതനാകും. തുടർന്ന് കൊല്ലത്തെത്തുന്ന ശ്രീ ധൻകർ വൈകിട്ട് അഷ്ടമുടി കായലിൽ ബോട്ട് സവാരി നടത്തും. സന്ദർശനം പൂർത്തിയാക്കി ഞായറാഴ്ച ഉപരാഷ്ട്രപതി ഡൽഹിയിലേക്ക് മടങ്ങും.

$$$$$$$$$$$$$$$$$$$$$$$

RNU TVPM

**സമ്പൂർണത അഭിയാൻ ( ഇൻട്രോ )**

നിതി ആയോഗിൻ്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന സമ്പൂർണത അഭിയാൻ പദ്ധതിയ്ക്ക് നാളെ വയനാട് ജില്ലയിൽ തുടക്കം. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ഇതിനകം ആരംഭിച്ചിട്ടുണ്ടെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

( വോയിസ് )

കാസർഗോഡ് പരപ്പ ബ്ലോക്കിലും സമ്പൂർണത അഭിയാൻ സംഘടിപ്പിക്കുന്നുണ്ട്. കേന്ദ്രം നടപ്പാക്കുന്ന അഭിലാഷ ജില്ലാ പദ്ധതിയിൽ ഉൾപ്പെടുന്ന പ്രദേശങ്ങളുടെ സമഗ്രമായ ഉന്നമനം ലക്ഷ്യമിടുന്നതാണ് പദ്ധതി. വയനാടിനും കാസർഗോഡിനും പുറമെ ഇടുക്കി ജില്ലയിലെ അഴുത, ദേവികുളം, പാലക്കാട് ജില്ലയിലെ അട്ടപ്പാടി, കൊല്ലംങ്കോട് ബ്ലോക്കുകളും കേരളത്തിൽ നിന്ന് അഭിലാഷ ബ്ലോക്ക് പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്.

$$$$$$$$$$$$$$$$$$$$$$$

## റെയിൽവേ

ട്രെയിൻ ഗതാഗതവുമായി ബന്ധപ്പെട്ട് കേരളം ഉന്നയിച്ച വിഷയങ്ങൾ പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് റെയിൽവേ ഉന്നത അധികൃതർ ഉറപ്പുനൽകി. സംസ്ഥാനത്തെ റെയിൽവേയുടെ ചുമതലയുള്ള മന്ത്രി വി അബ്ദുറഹിമാന്റെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിലാണ് ഇക്കാര്യം അറിയിച്ചത്.

സംസ്ഥാനസർക്കാരിന്റെ അഭ്യർത്ഥന പ്രകാരം പരശുറാം എക്സ്പ്രസിന് രണ്ട് കോച്ചുകൾ കൂടി അനുവദിച്ചിട്ടുണ്ട്. തിരക്കുള്ള മറ്റു ട്രെയിനുകളിലും ആവശ്യമായ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമെന്ന് ഡിവിഷണൽ റെയിൽവേ മാനേജർ ഡോ. മനീഷ് തപ്ല്യാൽ പറഞ്ഞു. ഷൊർണൂർ- കണ്ണൂർ പാസഞ്ചർ കാസർഗോഡ് വരെ നീട്ടുന്ന കാര്യവും പരിഗണിക്കുമെന്നും അദ്ദേഹം അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$

## സ്കൂൾ കലോത്സവം

ഈ വർഷത്തെ സംസ്ഥാന സ്കൂൾ കലോത്സവം ഡിസംബറിൽ തിരുവനന്തപുരത്ത് നടക്കും. കലോത്സവം പുതുക്കിയ മാന്വൽ അനുസരിച്ച് നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചതായി മന്ത്രി വി ശിവൻകുട്ടി പറഞ്ഞു.

സംസ്ഥാന സ്കൂൾ കായികമേള ഒക്ടോബറിൽ എറണാകുളം ജില്ലയിൽ നടത്തുമെന്നും മന്ത്രി അറിയിച്ചു . ഒളിമ്പിക്സ് മാതൃകയിൽ അത്ലറ്റിക്സും, ഗെയിംസും ഒരുമിച്ച് സംഘടിപ്പിക്കുന്ന രീതിയിൽ മേള നടത്തുന്നതിനുള്ള പ്രവർത്തനമാണ് നടന്നു വരുന്നത്.

$$$$$$$$$$$$$$$$$$$$$$

**സീതാറാം യെച്ചൂരി**

ലോക്സഭ തിരഞ്ഞെടുപ്പിലെ പരാജയ കാരണങ്ങൾ തിരിച്ചറിഞ്ഞ് ആവശ്യമായ തിരുത്തലുകൾ വരുത്തുമെന്ന് സിപിഐ (എം) ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി . സി പി ഐ- എം മേഖല യോഗത്തിനെത്തിയ അദ്ദേഹം കോഴിക്കോട് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു.

സാമ്പത്തിക പ്രതിസന്ധി ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിനെ ബാധിച്ചെന്നും, ഇത് ജനങ്ങളുടെ അസംതൃപ്തിക്ക് കാരണമായതായും അദ്ദേഹം പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$

**കെ.സുരേന്ദ്രൻ**

മാധ്യമങ്ങൾ അവഗണിച്ചാൽ ബിജെപിയുടെ ലക്ഷ്യം ജനങ്ങളിൽ എത്താൻ സമാന്തരമാർഗ്ഗങ്ങൾ സ്വീകരിക്കുമെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ കെ.സുരേന്ദ്രൻ പറഞ്ഞു. ജൻമഭൂമി സുവർണജയന്തി ആഘോഷത്തിന്റെ സ്വാഗതസംഘം ഓഫിസ് ഉദ്ഘാടനം കോഴിക്കോട് നിർവഹിക്കുകയായിരുന്നു അദ്ദേഹം.

ദേശീയ ശക്തികളെ മുന്നോട്ടു പോകാൻ അനുവദിക്കില്ലെന്ന മാധ്യമനിലപാടിനെതിരെ ശക്തമായി പോരാടുമെന്നും അദ്ദേഹം പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$

**സിക്ക - ജാഗ്രതാ നിർദേശം**

മഹാരാഷ്ട്രയിൽ സിക്ക വൈറസ് ബാധ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ കേന്ദ്ര ആരോഗ്യ മന്ത്രാലയം സംസ്ഥാനങ്ങൾക്ക് ജാഗ്രതാ നിർദേശം നൽകി .
ഗർഭിണികളെ സിക്ക വൈറസ് ബാധയുണ്ടോ എന്ന് പരിശോധിക്കുന്നതിനും, സിക്ക ബാധിച്ച ഗർഭിണിയിൽ ഭ്രൂണ വളർച്ച നിരീക്ഷിക്കുന്നതിനും വേണ്ട സൗകര്യങ്ങൾ ഉറപ്പുവരുത്താൻ നിർദ്ദേശത്തിൽ പറയുന്നു.

RIU TVPM

$$$$$$$$$$$$$$$$$$$$$$

**ഡെങ്കിപ്പനി**

രണ്ടാമതും ഡെങ്കിപ്പനി ബാധിച്ചാൽ ആരോഗ്യനില സങ്കീർണമാകാൻ സാധ്യതയുള്ളതിനാൽ അതീവ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. 5 ശതമാനം പേർക്ക് രണ്ടാമതും രോഗം വന്നാൽ തീവ്രമാകാൻ സാധ്യതയുള്ളതിനാൽ കൊതുകിന്റെ ഉറവിട നശീകരണം ഏറെ പ്രധാനമാണെന്നും മന്ത്രി പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$

**യൂറോ കപ്പ്-കോപ്പ അമേരിക്ക**

യൂറോ കപ്പ്, കോപ്പ അമേരിക്ക ഫുട്ബോൾ ക്വാർട്ടർ ഫൈനൽ മത്സരങ്ങൾക്ക് വെള്ളിയാഴ്ച തുടക്കം. മറ്റന്നാൾ രാവിലെ 6.30 ന് നടക്കുന്ന അർജൻറീന-ഇക്വഡോർ മത്സരത്തോടെയാണ് കോപ്പ ക്വാർട്ടർ മത്സരങ്ങൾ ആരംഭിക്കുക. ശനിയാഴ്ച വെനസ്വേല, കാനഡയേയും, ഞായറാഴ്ച നടക്കുന്ന മത്സരങ്ങളിൽ കൊളംബിയ പനാമയേയും, യുറുഗ്വേ ബ്രസീലിനെയും നേരിടും. യൂറോ കപ്പിൽ മറ്റന്നാൾ രാത്രി 9.30 ന് സ്പെയിൻ ജർമ്മനിയുമായി ഏറ്റുമുട്ടും. ശനിയാഴ്ച പോർച്ചുഗൽ ഫ്രാൻസിനെയും, ഇംഗ്ലണ്ട് സ്വിറ്റ്സർലാൻറിനെയും നേരിടും. നെതർലാൻഡും തുർക്കിയേയും തമ്മിലുള്ള യൂറോകപ്പ് ക്വാർട്ടർ മത്സരം ഈ മാസം ഏഴിന് നടക്കും.

RNU TVPM

$$$$$$$$$$$$$$$$$$$$$$

**മാന്നാർ കേസ്**

ആലപ്പുഴ ജില്ലയിലെ മാന്നാറിൽ 15 വർഷം മുൻപ് കല എന്ന യുവതിയെ കൊലപ്പെടുത്തി മൃതദേഹം മറവുചെയ്ത കേസിൽ അറസ്റ്റിലായ മൂന്ന് പ്രതികളെ കോടതി ആറ് ദിവസത്തെ പോലീസ് കസ്റ്റഡിയിൽ വിട്ടു. ജിനു, പ്രമോദ്, സോമരാജൻ എന്നിവരാണ് കേസിൽ അറസ്റ്റിലായത്. കൊല്ലപ്പെട്ട കലയുടെ ഭർത്താവ് അനിൽകുമാറാണ് കേസിലെ ഒന്നാംപ്രതി.

$$$$$$$$$$$$$$$$$$$$$$

## വിദ്യാഭ്യാസ ബന്ദിന് ആഹ്വാനം.

നീറ്റ് പരീക്ഷാ ക്രമക്കേടുമായി ബന്ധപ്പെട്ട് നാളെ രാജ്യവ്യാപകമായി വിദ്യാഭ്യാസ ബന്ദിന് ആഹ്വാനം.

എസ് എഫ് ഐ, എ ഐ എസ് എഫ് തുടങ്ങിയ സംഘടനകളാണ് വിദ്യാഭ്യാസ ബന്ദിന് ആഹ്വാനം ചെയ്തത്. പഠിപ്പ് മുടക്കിന് പിന്നാലെ നാളെ രാജ്ഭവൻ മാർച്ചും എസ് എഫ് ഐ പ്രഖ്യാപിച്ചു.

$$$$$$$$$$$$$$$$$$$$$$

## കാലാവസ്ഥ

ന്യുനമർദ്ദ പാത്തിയുടെയും, ചക്രവാതചുഴിയുടെയും സ്വാധീനത്താൽ സംസ്ഥാനത്ത് ചൊവ്വാഴ്ച്ച വരെ ഇടിമിന്നലോടു കൂടിയ വ്യാപക മഴയ്ക്ക് സാധ്യത .
ഇന്ന് കണ്ണൂർ കാസർഗോഡ് ജില്ലകളിലും നാളെ കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലും മഞ്ഞ ജാഗ്രതയാണ് .

RNU TVPM

$$$$$$$$$$$$$$$$$$$$$$

## ഓഹരി /സ്വർണം

രാജ്യത്തെ ഓഹരി വിപണികൾ ഇന്ന് നേട്ടത്തിൽ വ്യാപാരം അവസാനിപ്പിച്ചു. 80,000 പോയിൻറിൽ സർവകാല നേട്ടത്തോടെയാണ് വ്യാപാരം ആരംഭിച്ച ബോംബെ ഓഹരി സൂചിക സെൻസെക്സ് 545 പോയിൻറ് നേട്ടത്തിൽ 79,987 ലും, നിഫ്റ്റി 163 പോയിൻറ് വർധിച്ച് 24,287 ലും വ്യാപാരം അവസാനിപ്പിച്ചു .

സ്വർണവിലയിൽ മാറ്റമില്ല . പവന് 53,080 രൂപയും ഗ്രാമിന് 6,635 രൂപയുമാണ് ഇന്നത്തെ വില .

$$$$$$$$$$$$$$$$$$$$$$
$$$$$$$$$$$$$
$$$$$$$$
$